# പതിനാലാം കേരള നിയമസഭ
## (ഒന്നാം സമ്മേളനം)

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ:2258** **18/07/2016-ൽ മറുപടിയ്ക്ക്**

തീരദേശ റോഡുകളുടെ നിർമ്മാണം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.ഹൈബി ഈഡൻ<br>ശ്രീ.വി.എസ്.ശിവകുമാർ<br>ശ്രീ.എ.പി. അനിൽ കുമാർ : | ശ്രീമതി. മേഴ്സിക്കുട്ടിഅമ്മ<br>(മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കാഷ്യൂ വ്യവസായവും വകുപ്പ് മന്ത്രി): |

| | | | |
|---|---|---|---|
| എ) | സംസ്ഥാനത്ത് തീരദേശ റോഡുകൾ നിർമ്മിക്കുന്നതിന് കർമ്മപദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോയെന്ന് വിശദമാക്കുമോ; | എ) | ഹാർബർ എഞ്ചിനീയറിംഗ് വകുപ്പിൽ 2009-10 സാമ്പത്തിക വർഷം മുതൽ 'തീരദേശറോഡുകളുടെ നിലവാരം മെച്ചപ്പെടുത്തൽ പദ്ധതി'യിൽ ഉൾപ്പെടുത്തി തീരദേശ റോഡുകളുടെ നിർമ്മാണവും പുനരുദ്ധാരണവും ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് മുഖേന നടപ്പിലാക്കി വരുന്നു. |
| ബി) | പ്രസ്തുത പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങളെന്തെല്ലാമെന്ന് വിശദീകരിക്കാമോ; | ബി) | തീരദേശത്തെ പഞ്ചായത്തുകൾ, കോർപ്പറേഷനുകൾ, മുനിസിപ്പാലിറ്റികൾ, തീരദേശ വാർഡുകൾ, ഉൾനാടൻ മത്സ്യത്തൊഴിലാളികൾ പാർക്കുന്ന സ്ഥലങ്ങൾ, ഉൾനാടൻ മത്സ്യഗ്രാമങ്ങൾ, കായൽ/ റിസർവോയർ തീരങ്ങൾ, സർക്കാർ വക മത്സ്യം വളർത്തൽ കേന്ദ്രങ്ങൾ എന്നിവിടങ്ങളിലൂടെ കടന്നുപോകുന്ന റോഡുകളാണ് 'തീരദേശറോഡുകളുടെ നിലവാരം ഉയർത്തൽ പദ്ധതി'യിൽ ഉൾപ്പെടുത്തി നടപ്പിലാക്കി വരുന്നത് .ടി തീരദേശറോഡുകളുടെ നിർമ്മാണം /പുനരുദ്ധാരണത്തിലൂടെ ചുരുങ്ങിയ സമയത്തിനുള്ളിൽ മത്സ്യ വിപണനം സാധ്യമാക്കുകയും അവിടത്തെ മത്സ്യത്തൊഴിലാളികളുടെ യാത്രാസൗകര്യം സുഗമമാക്കുകയും തദ്വാര ജീവിത നിലവാരം മെച്ചപ്പെടുത്തുവാനുമാണ് ലക്ഷ്യമിട്ടിരിക്കുന്നത്. |

| | | | |
|---|---|---|---|
| സി) | ഇതിനായി എന്തെല്ലാം നടപടികളാണ് ഭരണതലത്തിൽ കൈക്കൊണ്ടത്; വിശദമാക്കുമോ? | സി) | എം.എൽ.എ/എം.പി/ മറ്റ് ജനപ്രതിനിധികൾ എന്നിവർ ശുപാർശ ചെയ്യുന്ന റോഡുകൾ സർക്കാർ തലത്തിൽ പരിശോധിച്ച് അംഗീകരിച്ചു നൽകുന്ന ലിസ്റ്റ് പ്രകാരം എസ്റ്റിമേറ്റ് തയ്യാറാക്കി ഭരണാനുമതിയ്ക്കായി ഹാർബർ എഞ്ചിനീയറിംഗ് ചീഫ് എഞ്ചിനീയർ സമർപ്പിക്കുകയും ഭരണാനുമതി നൽകുന്ന മുറയ്ക്ക് പ്രവൃത്തി ഏർപ്പാടാക്കുകയും ചെയ്തു വരുന്നു. |

**സെക്ഷൻ ഓഫീസർ**